# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു.എ.ഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പ്രതിരോധം, ബഹിരാകാശം, ഊർജം, നിക്ഷേപം എന്നീ മേഖലകളിൽ കരാറിൽ ഒപ്പുവച്ച് ഇന്ത്യയും യു.എ.ഇ യും.

   **Prime Minister Narendra Modi and UAE President Sheikh Mohamed bin Zayed Al Nahyan hold talks in New Delhi; Sign agreements to boost cooperation in defence, space, energy and investment sectors.**

2. നടപ്പ് സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ചാ നിരക്ക് 7.3 ശതമാനമായി ഉയരുമെന്ന് അന്താരാഷ്ട്ര നാണയ നിധി.

   **IMF raises India's economic growth forecast to 7.3 per cent for current fiscal.**

3. രാജ്യത്തെ സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭങ്ങൾക്ക് പൊതുമേഖല ബാങ്കുകൾ വഴി 52 ആയിരത്തി 300 കോടിയിലേറെ രൂപയുടെ വായ്പകൾ ലഭ്യമാക്കിയതായി കേന്ദ്ര സർക്കാർ.

   **The government has said that MSME loan applications amounting to more than 52 thousand 300 crore rupees have been sanctioned by the Public Sector Banks.**

4. ബി.ജെ.പി വർക്കിങ് പ്രസിഡന്റ് നിതിൻ നബിൻ ദേശീയ അധ്യക്ഷ പദവിയിലേക്ക്. ഔദ്യോഗിക പ്രഖ്യാപനം ഇന്ന്.

**BJP working president Nitin Nabin is set to become the new president of the party; formal announcement today.**

5. പതിനഞ്ചാം കേരള നിയമ സഭയുടെ പതിനാറാം സമ്മേളനത്തിന് ഇന്ന് തുടക്കം. ബജറ്റ് ഈ മാസം 29 ന്.

**The 16th session of the 15th Kerala Legislative Assembly will begin today. Budget presentation on 29th of this month.**

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സിനെതിരെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് 61 റൺസ് ജയം.

**Royal Challengers Bangalore defeated Gujarat Giants by 61 runs in the Women's Premier League cricket.**

## MEA BRIEFING-PM UAE (INTRO)

ഉഭയകക്ഷി വ്യാപാരം 200 ബില്യൺ ഡോളറായി ഉയർത്താൻ ഇന്ത്യയും യു.എ.ഇയും തീരുമാനിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു.എ.ഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും തമ്മിൽ ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ചർച്ചയിലാണ് തീരുമാനം. പ്രതിരോധം, ബഹിരാകാശം, ഊർജം, ഭക്ഷ്യസുരക്ഷ എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളും നിരവധി കരാറുകളിൽ ഒപ്പുവച്ചു. തന്ത്രപരമായ പ്രതിരോധ പങ്കാളിത്തത്തെക്കുറിച്ചുള്ള ചട്ടക്കൂട് കരാർ

പൂർത്തിയാക്കുന്നതിനുള്ള താത്പര്യപത്രം ഒപ്പുവച്ചതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി അറിയിച്ചു. ബഹിരാകാശ അടിസ്ഥാന സൗകര്യ വികസനവും വാണിജ്യവൽക്കരണവും സംബന്ധിച്ച സംയുക്ത സംരംഭങ്ങളെക്കുറിച്ചുള്ള താത്പര്യപത്രവും ഒപ്പുവച്ചു. അബുദബിയിൽ ഇന്ത്യൻ കലാപൈതൃകം, പുരാവസ്തു പ്രദർശനം എന്നിവയുൾപ്പെടുന്ന മ്യൂസിയം സ്ഥാപിക്കും. എച്ച്പിസിഎൽ ഇന്ത്യയും അഡ്നോക് ഗ്യാസ് യുഎഇയും തമ്മിൽ കരാറിൽ ഒപ്പുവച്ചതായും, ഇന്ത്യയിൽ സൂപ്പർ കമ്പ്യൂട്ടിംഗ് ക്ലസ്റ്റർ സ്ഥാപിക്കാൻ ധാരണയിലെത്തിയതായും അദ്ദേഹം പറഞ്ഞു.

( വോയ്സ്........)

## IMF- INDIA GROWTH

നടപ്പ് സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ചാ നിരക്ക് 7.3 ശതമാനമാകുമെന്ന് അന്താരാഷ്ട്ര നാണയ നിധി. നാലാം പാദത്തിലെ ശക്തമായ മുന്നേറ്റമാണ് ഈ വർദ്ധനവിൽ പ്രതിഫലിക്കുന്നതെന്ന് ഐഎംഎഫ് അറിയിച്ചു. ഐ.എം.എഫിന്റെ ഏറ്റവും പുതിയ 'വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക്' പ്രകാരം, ഇന്ത്യയുടെ വളർച്ചാ നിരക്ക് മുൻപത്തെ കണക്കുകളേക്കാൾ 0.7 ശതമാനം വർദ്ധിച്ചു. നടപ്പ് സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിലെ പ്രതീക്ഷിച്ചതിലും മികച്ച കോർപ്പറേറ്റ് വരുമാനവും, നാലാം പാദത്തിലേക്കുള്ള ശക്തമായ കുതിപ്പുമാണ് ഈ വർദ്ധനവിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ആഗോള സമ്പദ്വ്യവസ്ഥ താരിഫ് ആഘാതങ്ങളെ വലിയതോതിൽ അതിജീവിച്ചതായി ഐ.എം.എഫ് സൂചിപ്പിച്ചു. 2025-2026 സാമ്പത്തിക വർഷത്തിൽ 6.6 ശതമാനം വളർച്ചയായിരുന്നു ഐ.എം.എഫ് നേരത്തെ പ്രവചിച്ചിരുന്നത്. അതേസമയം, 2026-2027 ൽ വളർച്ചാ നിരക്ക് 6.4 ശതമാനമാകുമെന്നും ഐ.എം.എഫ് പറയുന്നു.

## MSME LOAN APPLICATION

രാജ്യത്തെ സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭങ്ങൾക്ക് വിവിധ പൊതുമേഖല ബാങ്കുകൾ 52,300 കോടിയിലേറെ രൂപയുടെ വായ്പകൾ അനുവദിച്ചതായി കേന്ദ്ര സർക്കാർ. കഴിഞ്ഞ വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കണക്കാണിത്. MSME കളുടെ അടിസ്ഥാന വായ്പ അവലോകന മാതൃകയ്ക്ക് പൊതുമേഖലാ ബാങ്കുകൾ കഴിഞ്ഞ വർഷം തുടക്കമിട്ടിരുന്നു.

## RAILWAYS-SPECIAL TRAINS

ഈ മാസം 3 മുതൽ 18 വരെ മൗനി അമാവാസി സീസണിൽ ഇന്ത്യൻ റെയിൽവേ 244 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തി. 4 ലക്ഷത്തി 50,000- ത്തിലധികം യാത്രക്കാർ സഞ്ചരിച്ചു. അവസാനദിവസം പ്രയാഗ്‌രാജിലേക്ക് ഒരു ലക്ഷം യാത്രക്കാരുമായി 40 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തിയതായി റെയിൽവേ മന്ത്രാലയം അറിയിച്ചു.

## VAISHNAW-BULLET TRAIN

മുംബൈ-അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ പദ്ധതിയുടെ പാതയിൽ ഓവർഹെഡ് ഇലക്ട്രിഫിക്കേഷൻ മാസ്റ്റുകൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യത്തെ ആദ്യ അതിവേഗ വൈദ്യുത ട്രെയിനുകൾക്കായുള്ള സുപ്രധാന ചുവടുവെപ്പും 'മേക് ഇൻ ഇന്ത്യ' പദ്ധതിയുടെ പുരോഗതിയുമാണ് ഇതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ പറഞ്ഞു.

## DABOLIM AIRPORT

തെക്കൻ ഗോവയിലെ ദബോലിം അന്താരാഷ്ട്ര വിമാനത്താവളം പൂർണമായും സിവിലിയൻ ഗതാഗതത്തിനായി പ്രവർത്തിക്കുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്തുമായി നടന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. പുതുതായി കമ്മീഷൻ ചെയ്ത മോപ്പയിലെ മനോഹർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് സിവിലിയൻ വിമാനങ്ങൾ മാറ്റുന്നതുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കാനായിരുന്നു യോഗം.

## PARLIAMENT - BUDGET

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും

## ASSEMBLY (INTRO)

പതിനഞ്ചാം കേരള നിയമ സഭയുടെ പതിനാറാം സമ്മേളനത്തിന് ഇന്ന് തുടക്കമാകും. ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെ സഭാ സമ്മേളനം ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....

(വോയിസ്)

## KERALA KUMBHAMELA

കേരള കുംഭമേളയെന്ന് വിശേഷിപ്പിക്കുന്ന പ്രഥമ മഹാമാഘ മഹോത്സവത്തോടനുബന്ധിച്ച് തിരുനാവായയിൽ നിളാ ആരതി ആരംഭിച്ചു. മഹാമഘം അവസാനിക്കുന്ന ഫെബ്രുവരി 3 വരെ എല്ലാ ദിവസവും സന്ധ്യാ സമയത്തായിരിക്കും ആരതി.

## ALAPPUZHA - HOLIDAY

ആലപ്പുഴയിലെ പ്രസിദ്ധമായ അർത്തുങ്കൽ ബസിലിക്കയിലെ തിരുനാൾ ഇന്ന്. അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ ഇന്ന് പ്രാദേശി അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

## SABARIMALA

മകരവിളക്ക് കാലത്തിനു സമാപനം. ശബരിമല നട ഇന്നു രാവിലെ അടച്ചു. തിരുവാഭരണ മടക്കഘോഷയാത്ര ആരംഭിച്ചു. കുംഭമാസ പൂജയ്ക്കായി ശബരിമല നട അടുത്തമാസം 12 ന് വീണ്ടും തുറക്കും.

## BJP-PRESIDENT ELECTION

ബിജെപി വർക്കിങ് പ്രസിഡന്റ് നിതിൻ നബിൻ ദേശീയ അധ്യക്ഷ പദവിയിലേക്ക്. അധ്യക്ഷ സ്ഥാനത്തേയ്ക്ക് നബിന്റെ പേര് മാത്രമാണ് ഉയർന്നുവന്നതെന്നു ദേശീയ വരണാധികാരി കെ ലക്ഷ്മൺ അറിയിച്ചു. ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം ഇന്ന് നടക്കും. നിലവിലെ അധ്യക്ഷൻ ജെ പി നഡ്ഡ, കേന്ദ്രമന്ത്രിമാരായ

അമിത്ഷാ, രാജ്നാഥ് സിംഗ്, നിതിൻ ഗഡ്കരി ഉൾപ്പെടെയുള്ളവർ അധ്യക്ഷ സ്ഥാനത്തേയ്ക്ക് നിതിൻ നബിന്റെ പേരാണ് നിർദേശിച്ചത്.

## WPL – CRICKET RESULT

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ഗുജറാത്ത് ജയന്റ്സിനെ 61 റൺസിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത ബെംഗളൂരു നിശ്ചിത 20 ഓവറിൽ ആറു വിക്കറ്റ് നഷ്ടത്തിൽ 178 റൺസ് നേടി. ഗുജറാത്ത് ജയന്റ്സിന് 20 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 117 റൺസ് മാത്രമേ നേടാനായുള്ളൂ. ഇന്ന് വഡോദരയിൽ നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെ നേരിടും.

## SANTHOSH TROPHY

അസമിൽ നടക്കുന്ന സന്തോഷ് ട്രോഫി ഫുട്ബാൾ മത്സരത്തിൽ പങ്കെടുക്കുന്ന കേരള ടീം നെടുമ്പാശേരിയിൽ നിന്ന് പുറപ്പെട്ടു. കേരള പൊലീസ് താരം ജി.സഞ്ജുവിന്റെ നേതൃത്വത്തിൽ 22 താരങ്ങൾ ഉൾപ്പെടെ 28 പേരാണ് സംഘത്തിലുള്ളത്. നാളെ മുതൽ ഫെബ്രുവരി എട്ട് വരെയാണ് മത്സരങ്ങൾ. കേരളത്തിന്റെ ആദ്യം മത്സരം 22 ന് പഞ്ചാബിനെതിരെ നടക്കും.

## RAMDAS ATHAWALE

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ സഹമന്ത്രി രാംദാസ് അത് വാലെ രണ്ടുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിൽ എത്തും. നാളെ രാവിലെ കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹം കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

## REPUBLIC DAY-GUESTS

77—-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിന് തയ്യാറെടുത്ത് രാജ്യം. പരേഡിന് സാക്ഷ്യം വഹിക്കാൻ പതിനായിരത്തോളം പ്രത്യേക അതിഥികളെ ക്ഷണിച്ചിട്ടുണ്ടെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. സ്റ്റാർട്ടപ്പുകൾ, സ്വാശ്രയ ഗ്രൂപ്പുകൾ, വിവിധ സർക്കാർ സംരംഭങ്ങൾക്ക് കീഴിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർ എന്നിവർ അതിഥികളായി പങ്കെടുക്കും. വരുമാനത്തിലും തൊഴിൽ സൃഷ്ടിക്കലിലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നവരെയും ക്ഷണിച്ചിട്ടുണ്ട്. ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിലെ വിജയികൾ, അടൽ ഇന്നൊവേഷൻ മിഷന്റെ കീഴിൽ പരിശീലനം നേടിയ വിദ്യാർത്ഥികൾ, പ്രകൃതികൃഷി ചെയ്യുന്ന കർഷകർ, പിഎം സ്മൈൽ സ്കീമിന് കീഴിലുള്ള ഗുണഭോക്താക്കൾ തുടങ്ങിയവർ പ്രത്യേക അതിഥികളാകും.

## SC - AIR FARE

ഉത്സവ കാലങ്ങളിലെ വിമാന ടിക്കറ്റ് നിരക്ക് വർധനയിൽ ആശങ്ക അറിയിച്ച് സുപ്രീംകോടതി. ടിക്കറ്റ് വിലയിലെ അമിത വർദ്ധനവ് വിമാനക്കമ്പനികളുടെ ചൂഷണമാണെന്ന് വിലയിരുത്തിയ പരമോന്നതകോടതി, വിഷയത്തിൽ
കേന്ദ്രസർക്കാരിന്റെയും DGCA യുടെയും മറുപടി ആരാഞ്ഞു. ഹർജി കോടതി ഈ മാസം 23 ന് വീണ്ടും പരിഗണിക്കും.